**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 122** **08-02-2023 - ൽ മറുപടിയ്ക്ക്**

**മൂല്യവർദ്ധിത കൃഷി മിഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. വാഴൂർ സോമൻ,<br>ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. സി.സി. മുകുന്ദൻ** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കാർഷിക മേഖലയിലെ ഉല്പാദനക്ഷമതയും കർഷകരുടെ വരുമാനവും വർദ്ധിപ്പിക്കുന്നതിനുവേണ്ടി മൂല്യ വർദ്ധിത കൃഷി മിഷൻ രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്.<br><br>കാർഷിക ഉല്പന്നങ്ങളെ മൂല്യവർദ്ധിത ഉല്പന്നമാക്കി മാറ്റുക, കൃഷിക്കാരുടെ വരുമാനം ഇരട്ടിയാക്കുക, കാർഷികോത്പാദനക്ഷമത വർദ്ധിപ്പിക്കു ഉത്പന്നങ്ങളുടെ വില, മൂല്യവർധിത പ്രവർത്തനങ്ങളിൽ നിന്നുള്ള വരുമാനം, മറ്റ് അനുബന്ധ വരുമാനങ്ങൾ എന്നിവയിൽ വർധനവ് വരുത്തുക തുടങ്ങി മൂല്യവർധിത കാർഷിക മിഷൻ (Value Added Agriculture Mission – VAAM) രൂപീകരിച്ചിട്ടുള്ളത്.<br><br>പ്രാഥമിക കാർഷിക ഉത്പന്നങ്ങളുടെ ഉത്പാദന/നിർമാണ പ്രക്രിയകൾ, വിപണനം/ സേവനങ്ങൾ എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ച് ഉത്പന്ന എന്ന ആശയത്തിനാണ് മൂല്യവർധിത കാർഷിക മിഷൻ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. കാർഷിക മേഖലയിൽ ഉണ്ടായിട്ടുള്ള പ്രധാന നേട്ടങ്ങൾ, നി വിടവുകൾ, നയം, സ്ഥാപനപരം, വിപണി, സാങ്കേതിക വശങ്ങൾ എന്നിവ പരിഗണിച്ച് പ്രധാനമായും ഇടപെടേണ്ട മേഖലകൾ കണ്ടെത്തുകയും അ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഒരു പദ്ധതി ആവിഷ്കരിക്കുന്നതിനും കേന്ദ്രീകൃത സമീപനം രൂപീകരിക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ/ശുപാർശക പ്രവർത്തന മാർഗരേഖയും VAAM പദ്ധതിയുടെ നടത്തിപ്പിലേക്കായി അംഗീകരിച്ചിട്ടുണ്ട്.<br><br>പ്രസ്തുത മാർഗരേഖയുടെ അടിസ്ഥാനത്തിൽ കാർഷിക വ്യവസായവും, സാങ്കേതികവിദ്യയും അറിവ് പങ്കിടലും, ശേഷി വർധിപ്പിക്കൽ, വിപണ വിഷയങ്ങളിൽ സബ് ആക്ഷൻ പ്ലാനുകൾ സമർപ്പിക്കുന്നതിനുമായി സബ് വർക്കിംഗ് ഗ്രൂപ്പുകൾ/റിസോഴ്സ് സബ് ഗ്രൂപ്പുകൾ എന്നിവ രൂപീകരിക്കുന്നതിനും ര<br><br>ഉത്പന്നങ്ങൾക്ക് ഉറപ്പായ വിപണി സൃഷ്ടിക്കുന്നതിനും ബ്രാൻഡ് വികസിപ്പിക്കുന്നതിനും മൂല്യവർധിത ഉത്പന്നങ്ങൾക്ക് പ്രസക്തമാ നേടുന്നതിനുമായി അനുബന്ധ മേഖലകളിലെ വിദഗ്ധരുമായി സെമിനാറുകൾ, പ്രദർശനങ്ങൾ, ബ്രെയിൻസ്റ്റോമിംഗ് വർക്ക്ഷോപ്പുകൾ എന മൂല്യനിർണയത്തെ പിന്തുണയ്ക്കുന്നതിനായിരിക്കും ഈ മിഷൻ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. ആഭ്യന്തര, അന്തർദ്ദേശീയ വ്യാപാരവും കയ പ്രോത്സാഹിപ്പിക്കുന്നതിനും ഈ മിഷൻ ശ്രദ്ധ കേന്ദ്രീകരിക്കും. |
| (ബി) | ഉല്പന്നങ്ങളുടെ ഗുണനിലവാരം ഉയർത്തി സുസ്ഥിര വിപണി ഉറപ്പാക്കുന്നതിന് മൂല്യ വർദ്ധിത കൃഷി മിഷൻ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | ഉത്പന്നങ്ങളുടെ ഗുണനിലവാരം ഉയർത്തി സുസ്ഥിര വിപണി ഉറപ്പാക്കുന്നതിന് ഇൻകുബേഷൻ സെന്ററുകളും എഫ്.പി.ഒ. കളും നടപ്പാക്കുന്നതിന് മിഷൻ ല<br><br>Agri Business Incubator പേരിൽ പ്രവർത്തിക്കുന്ന കേരള കാർഷിക സർവകലാശാലയുടെ സ്ഥാപനം വാണിജ്യ ആവശ്യത്തിനായി കമ്പനി തുടങ്ങുന്നവർക്ക് ഉപയോഗിക്കാൻ കഴി പ്രദർശനവും പരിശീലനവും നൽകിവരുന്നു. ഒരു പുതിയ സംരംഭം തുടങ്ങുവാൻ ശ്രമിക്കുന തന്നെ ഉത്പന്നം ഇവിടെ പരീക്ഷിച്ച് ഗുണമൂല്യവും ലാഭനഷ്ടവും കണക്കാക്കി തീരുമാനം എടുക്കുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്.<br><br>മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ (MIDH), PM SAMPADA, PMFME പോലെയുള്ള നിരവധി പദ്ധതികൾ മാനേജ്മെന്റിനും മൂല്യവർധനയ്ക്കുമുള്ള അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിന് സഹായം നൽകുന്നു. കൂടാതെ സംസ്ഥാനത്തെ അഗ്രോ പ്രോസസിംഗ് വകുപ്പ് സാമ്പത്തിക സഹായം നൽകുന്നു. കാർഷിക മേഖലയിൽ മൂല്യവർധനവിനു ഊന്നൽ നൽകുന്ന ഫാർമർ പ്രൊഡ്യൂസേഴ്സ് ഓർഗനൈസേ ഷനുക വിള ഉത്പന്നങ്ങളുടെ അളവ് വർധിപ്പിക്കാൻ സഹായിക്കും.<br><br>മൂല്യവർധിത ഉത്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനായി കേരള അഗ്രോ ഇൻഡസ്ട്രീസ് ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ. തുടങ്ങിയ സ്ഥാപനങ്ങളുടെ വിപണികൾ കൃഷി വകുപ്പിന്റെ കീഴിലുള്ള ഇക്കോഷോപ്പുകൾ വഴിയും ഉത്പന്നങ്ങളുടെ വിപണനം നടത്തിവരുന്നു. സുസ്ഥിര വിപണി ഉറപ്പാക്കുവാനായി ഈ സ്ഥാപന സ്ഥാപനങ്ങളുമായും ചേർന്ന പ്രവർത്തനമായിരിക്കും മൂല്യവർധിത കാർഷിക മിഷൻ വഴി കൈകൊള്ളുക. കൂടാതെ വിപണി സംവിധാനം കാര്യക്ഷമമാക പങ്കാളിത്തത്തോടെ ആരംഭിക്കുന്ന കേരള അഗ്രോ ബിസിനസ് കമ്പനി ഇക്കാര്യം ഉറപ്പാക്കുകയും ചെയ്യും. |
| (സി) | പ്രസ്തുത മിഷന്റെ ഭാഗമായി മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതിനായി ഒരു കൃഷി ഭവനിൽ ഒരു ഉല്പന്നം എന്ന പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (സി) | ഉണ്ട്. ഒരു കൃഷി ഭവനിൽ ഒരു ഉല്പന്നം എന്ന നിലയിൽ മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്ന പദ്ധതി കൃഷിഭവനുകൾ കേന്ദ്രീകരിച്ച് ആസൂത്രണം ചെയ്യ ഘട്ടം ഘട്ടമായി ഓൺലൈൻ വിപണന സംവിധാനത്തിൽ കൂടി വിപണിയിലെത്തിക്കുവാനുള്ള നടപടികളും പൂർത്തീകരിച്ചുവരുന്നു. |
| (ഡി) | മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ സംഭരണം, വിപണനം എന്നിവയ്ക്ക് കാര്യക്ഷമമായ സംവിധാനം ഒരുക്കുന്നതിന് കർഷകർക്ക് കൂടി പങ്കാളിത്തമുള്ള കേരള അഗ്രോ ബിസിനസ് | (ഡി) | സിയാൽ മാതൃകയിൽ കർഷകർക്ക് കൂടി പങ്കാളിത്തമുള്ള കേരള അഗ്രോ ബിസിനസ് കമ്പനി എന്ന ഒരു കമ്പനി രൂപീകരിക്കുന്നതിനുള്ള നടപടികൾ അ |

| | | | |
|---|---|---|---|
| | കമ്പനി രൂപീകരിക്കുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ